ഉത്തരം

ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നതിന് വടകര മുനിസിപ്പാലിറ്റി ഓഫീസ്, ചോറോട് പഞ്ചായത്താഫീസ്, നാഷണൽ ഹൈവേ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് എന്നിവിടങ്ങളിൽ വിവരം രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. കൂടാതെ 4-9-2010, 14-10-2010 തീയതികളിൽ തിരുവനന്തപുരത്തെ കെൽട്രോൺ ജനറൽ മാനേജർക്ക് ട്രാഫിക്ക് സിഗ്നൽ ലൈറ്റ് പ്രവർത്തനരഹിതമാണെന്നും ആയത് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി കോഴിക്കോട് റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട് ഫാക്സ് സന്ദേശവും അയച്ചിട്ടുള്ളതാണ്.

സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതി

89(381) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശവും ലക്ഷ്യങ്ങളും വിശദീകരിക്കുമോ;

(ബി) പേരാവൂർ നിയോജക മണ്ഡലത്തിലെ സ്കൂളിനെ സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

(1) നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

(2) വിദ്യാർത്ഥികളിൽ പൗരബോധം, സമത്വബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണ പാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.

(3) വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവിസ്നേഹവും വളർത്തുക

(4) സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിമരുന്ന് തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(5) ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമ സമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

(6) എൻസിസി, എൻഎസ്എസ് തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.

(7) വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക.

(8) സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന പ്രവർത്തിക്കാനുമുള്ള മാനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.

(9) സ്വഭാവശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.

(10) സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ബി) ചാവശ്ശേരി സർക്കാർ ഹൈസ്ക്കൂളിനെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിഷാന്തിന്റെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ

90382 ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടിയിലിരിക്കെ അപകടമരണം സംഭവിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാരിൽ നിന്നും നൽകാറുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ കോഴിക്കോട് റൂറൽ ജില്ലയിൽ ജോലിനോക്കവെ ഡ്യൂട്ടിക്കിടയിൽ അപകട മരണം സംഭവിച്ച പോലീസ് കോൺസ്റ്റബിൾ എം.എസ്. നിഷാന്തിന്റെ (Tele 1592) ആശ്രിതർക്ക് സർക്കാരിൽനിന്ന് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly